## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 709** **13.01.2021 ൽ മറുപടിയ്ക്ക്**

## നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ വന്നശേഷം നെടുമങ്ങാട്നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (എ) ഈ സർക്കാർ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ 1) വേറ്റിനാട് ഗാന്ധിസ്മാരക മണ്ഡപം ആന്റ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ അറ്റ് വേറ്റിനാട്, ഊരൂട്ട് മണ്ഡപം ടെമ്പിൾ (4,20,00,000/- രൂപ) , 2)കൺസ്ട്രക്ഷൻ ഓഫ് അമിനിറ്റി സെന്റർ അറ്റ് സെന്റ് ജൂഡ് പിൽഗ്രിം സെന്റർ, വേറ്റിനാട്, തിരുവനന്തപുരം (2,00,02,665/-രൂപ), 3) കൺസ്ട്രക്ഷൻ ഓഫ് മോട്ടൽ ആരാം അറ്റ് നെടുമങ്ങാട്, തിരുവനന്തപുരം (9,61,00,406/-രൂപ) എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ്- "വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം ആന്റ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ അറ്റ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ടെമ്പിൾ, തിരുവനന്തപുരം " – എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ. (സാധാ) നം. 182/2019/ടൂറിസം  തിരുവനന്തപുരം, തീയതി 04/06/2019.

പരാമർശം :
1. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 23.05.2019 ലെ P6-2643/2019 നമ്പർ കത്ത്.
2. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ 28.05.2019 ലെ നടപടിക്കുറിപ്പുകൾ.
3. സ.ഉ.(കൈ) നം.3/2019/ടൂറിസം, തീയതി 30.05.2019.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന വളരെ പ്രശസ്തവും പുരാതനവുമായ ക്ഷേത്രമാണ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ക്ഷേത്രം. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ടി ക്ഷേത്രത്തിൽ പണികഴിപ്പിച്ചിട്ടുള്ള ഗാന്ധി സ്മാരക മണ്ഡപത്തിന്റെ സംരക്ഷണവും അതിനോടനുബന്ധിച്ച് ക്ഷേത്രത്തിൽ ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്ററും സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ M/s. HLL ഇൻഫ്രടെക് സർവീസസ് എന്ന സ്ഥാപനം തയ്യാറാക്കിയ "വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം ആന്റ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ അറ്റ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ടെമ്പിൾ, തിരുവനന്തപുരം " എന്ന പദ്ധതിയ്ക്ക് 4,20,00,000/-(നാല്പ കോടി ഇരുപതു ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്നഭ്യർത്ഥിച്ച് പ്രസ്തുത പദ്ധതി പ്രൊപ്പോസൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു

28.05.2019-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതി അംഗീകരിയ്ക്കുകയും പദ്ധതിയ്ക്കാവശ്യമായ 4,20,00,000/- രൂപ (നാല്പ കോടി ഇരുപതു ലക്ഷം രൂപ മാത്രം) രൂപ " 5452-01-101-99 അപ്ഗ്രഡേഷൻ ആന്റ് ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാമെന്നും തീരുമാനിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "വേറ്റിനാട് ഗാന്ധി സ്മാരക മണ്ഡപം ആന്റ് ടൂറിസ്റ്റ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ അറ്റ് വേറ്റിനാട് ഊരൂട്ടുമണ്ഡപം ടെമ്പിൾ,

തിരുവനന്തപുരം " എന്ന പദ്ധതിയ്ക്ക് 4,20,00,000/- (നാല്പ് കോടി ഇരുപതു ലക്ഷം രൂപ മാത്രം) രൂപ "5452-01-101-99 അപ്ഗ്രഡേഷൻ ആന്റ് ക്രിയേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് അമിനിറ്റീസ് (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത പദ്ധതി വിനോദസഞ്ചാര വകുപ്പ് മുഖേന 12 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി നിലവിലെ സർക്കാർ ഉത്തരവുകളിൽ അനുശാസിക്കുന്ന നിബന്ധനകളും നടപടിക്രമങ്ങളും നിർദ്ദേശങ്ങളും കർശനമായി പാലിയ്ക്കേണ്ടതും, പദ്ധതി ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുമാണ്.

( ഗവർണറുടെ ഉത്തരവിൻപ്രകാരം),
പ്രകാശ്. ബി.എസ്
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പ്ലാനിംഗ് (സി.പി.എം.യു.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

ശരിപകർപ്പ്

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദ സഞ്ചാര വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് മോട്ടൽ ആരാം നിർമ്മാണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര(എ) വകുപ്പ്

സ.ഉ.(സാധാ) നം.297/2020/ടൂറിസം തീയതി, തിരുവനന്തപുരം, 09/09/2020

---

പരാമർശം:- 1 സ.ഉ.(പി)നം.408/07/ധന തീയതി 07.09.2007

2 സ.ഉ.(പി)നം.311/14/ധന തീയതി 30.07.2014

3 സ.ഉ.(പി)നം.11/15/ധന തീയതി 08.01.2015

4 സ.ഉ.(പി)നം.118/2018/ധന തീയതി 03.08.2018

5 സ.ഉ.(പി)നം.88/2018ധന തീയതി 11.06.2018

6 04.07.2019 ലെ സ.ഉ.(പി)നം.77/2019/ഫിൻ.

7 21.05.2020 ലെ സ.ഉ.(സാധാ)നം.1892/2020/റവ.

8 12.08.2020 ലെ സ.ഉ.(സാധാ)നം.266/2020/റ്റി.എസ്.എം.

9 വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 19.08.2020 ലെ പി6-2690/2018 നമ്പർ കത്ത്

10 24.08.2020 ലെ വർക്കിങ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്ക്/വില്ലേജിൽ മോട്ടൽ ആരാം നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിന്റെ കൈവശത്തിൽ ഉള്ള 1.53 ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശം വിനോദസഞ്ചാര വകുപ്പിന് നൽകിക്കൊണ്ട് പരാമർശം ഏഴ് പ്രകാരം ഉത്തരവായിട്ടുണ്ട്. നെടുമങ്ങാട് മോട്ടൽ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ഏകോപന ഏജൻസിയായി നിശ്ചയിച്ച് പരാമർശം എട്ട് പ്രകാരം ഉത്തരവായിട്ടുണ്ട്. മോട്ടൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 9,80,00,000/- രൂപയുടെ (ഒൻപത് കോടി എൺപതുലക്ഷം രൂപാ മാത്രം) ശിപാർശ പരാമർശം ഒൻപത് പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ടൂറിസം വകുപ്പിന്റെ വർക്കിങ്ഗ്രൂപ്പ് മുൻപാകെ സമർപ്പിച്ചിരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

**GROUND FLOOR**-Beer Parlour -657.23 Sqm(60 seating) and Kitchen area (Part of Convention Center)-145 Sqm

i. Bar (Total seats-60)
ii. Bar store, Kitchen, Utility & Pantry
iii. Dormitory
iv. Toilets
v. Staircase
vi. Store

**FIRST FLOOR**-Restaurant-443 Sqm(100 Seating)

i. Area for Kid's-Play

ii. Restaurant (100 seats)
iii. Guest Bedrooms
iv. Staircase
v. Toilets

ചുവടെ ചേർത്ത ഭേദഗതികളോടെ 24.08.2020 ൽ കൂടിയ വർക്കിങ് ഗ്രൂപ്പ് യോഗം പ്രസ്തുത ശിപാർശ അംഗീകരിച്ചു

(1). Land possession to be ensured
(2). Co-ordination charges @ 2% for KTIL is not admissible.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ വിനോദസഞ്ചാര വകുപ്പിന്റെ മോട്ടൽ ആരാം നിർമ്മിക്കുന്നതിനായുള്ള പദ്ധതിക്ക് (കെ.റ്റി.ഐ.എൽ. ന് നൽകേണ്ട കോ-ഓർഡിനേഷൻ ചാർജ്ജായ 18,99,594/-രൂപ കിഴിച്ച് 9,61,00,406/- രൂപയുടെ (ഒൻപത് കോടി അറുപത്തിയൊന്ന് ലക്ഷത്തി നാന്നൂറ്റിയാറ് രൂപാ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം ഒന്നിലെ ഉത്തരവിലും W.P.(C)No.9560/2018 നമ്പർ ഹൈക്കോടതി കേസിലെ ഉത്തരവിനും വിധേയമായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നിർമ്മാണ കരാർ ഏജൻസിയെ നിശ്ചയിച്ച് നൽകേണ്ടതാണ്. പദ്ധതി നിർമാണ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ "5452-01-101-99-00-34-03 Up-gradation,Creation of Infrastructure and Amenities(Plan)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതും പദ്ധതി 24 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രകാശ് ബി എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ,കെ.റ്റി.ഐ.എൽ, തൈക്കാട്, തിരുവനന്തപുരം,
ജലവിഭവ(ഐ.ആർ.) വകുപ്പ് /റവന്യൂ(യു) വകുപ്പ്,
ധനവകുപ്പ്/ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I / II) ,കേരള,തിരുവനന്തപുരം) ,
ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂമീഡിയ) , വിവരപൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ

ശരിപകർപ്പ്
(signature)
സെക്ഷൻ ഓഫീസർ

APD II

കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് - "കൺസ്ട്രക്ഷൻ ഓഫ് അമിനിറ്റി സെന്റർ അറ്റ് സെന്റ് ജൂഡ് പിൽഗ്രിം സെന്റർ അറ്റ് വേറ്റിനാട്, തിരുവനന്തപുരം" - പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ. (സാധാ) നം.84/2020/ടൂറിസം തിരുവനന്തപുരം, തീയതി 14-02-2020.

പരാമർശം. :

1. സ.ഉ (പി) നം: 408/2007/ധന, തീയതി 07.09.2007
2. സ.ഉ (പി) നം: 311/2014/ധന, തീയതി 30.07.2014
3. സ.ഉ (പി) നം: 1/2015/ധന, തീയതി 08.01.2015
4. സ.ഉ (പി) നം: 95/2017/ധന, തീയതി 25.07.2017
5. സ.ഉ (കൈ) നം: 03/2019/ടൂറിസം, തീയതി 30.05.2019
6. വിനോദസഞ്ചാരവകുപ്പ് ഡയറക്ടറുടെ 13-01-2020 ലെ പി6-789/2020 നമ്പർ കത്ത്.
7. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ 21-01-2020 ലെ നടപടിക്കുറിപ്പുകൾ

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വേറ്റിനാട് വില്ലേജിൽ സ്ഥിതിചെയ്യുന്ന സെന്റ് ജൂഡ് ചർച്ചിൽ തീർത്ഥാടകർക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ "കൺസ്ട്രക്ഷൻ ഓഫ് അമിനിറ്റി സെന്റർ അറ്റ് സെന്റ് ജൂഡ് പിൽഗ്രിം സെന്റർ അറ്റ് വേറ്റിനാട്, തിരുവനന്തപുരം" എന്ന പദ്ധതിയ്ക്ക് 2,00,02,665/- (രണ്ട് കോടി രണ്ടായിരത്തി അറുന്നൂറ്റി അറുപത്തഞ്ച് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്നഭ്യർത്ഥിച്ച് പ്രസ്തുത പദ്ധതി പ്രൊപ്പോസൽ വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Name Work | Amount |
|---|---|---|
| 1 | Civil Work | 11226816.21 |
| 2 | Plumbing | 773634.55 |
| 3 | Provision for providing retaining wall and widing of roads | 2500000.00 |
| 4 | Electrification | 1168055.89 |
| 5 | Contingencies | 100247.86 |
| 6 | Total | 15768754.51 |
| 7 | 18% GST | 2838375.81 |
| 8 | 5% for project management fee | 788437.73 |
| 9 | 18% GST on project management fee | 141918.79 |
| 10 | 2.5% of consultancy charge | 394218.86 |

Scanned by TapScanner

| | | |
|---|---|---|
| 11 | 18% GST on consultancy charge | 70869.40 |
| 12 | Net Amount | 20002665.10 |

21-01-2020 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതി അംഗീകരിക്കുകയും പദ്ധതിയ്ക്കാവശ്യമായ 2,00,02,665/- (രണ്ട് കോടി രണ്ടായിരത്തി അറുന്നൂറ്റി അറുപത്തഞ്ച് രൂപ മാത്രം) രൂപ "3452-80-104-91 ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ (DTPC) & DMC's " എന്ന ശീർഷകത്തിൽ നിന്നും വഹിയ്ക്കാമെന്നും തീരുമാനിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച "കൺസ്ട്രക്ഷൻ ഓഫ് അമിനിറ്റി സെന്റർ അറ്റ് സെന്റ് ജൂഡ് പിൽഗ്രിം സെന്റർ അറ്റ് വേറ്റിനാട്, തിരുവനന്തപുരം" എന്ന പദ്ധതിയ്ക്ക് 2,00,02,665/- (രണ്ട് കോടി രണ്ടായിരത്തി അറുന്നൂറ്റി അറുപത്തഞ്ച് രൂപ മാത്രം) രൂപ "3452-80-104-91 ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ (DTPC) & DMC's" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത പദ്ധതി 18 മാസത്തിനകം വിനോദസഞ്ചാരവകുപ്പ് പൂർത്തിയാക്കേണ്ടതാണ്. പദ്ധതിയുടെ എസ്റ്റിമേറ്റ് "PRICE" സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി പരാമർശം ഉത്തരവുകളിലെ നിലവിലെ നിബന്ധനകൾ കർശനമായി പാലിയ്ക്കേണ്ടതും പദ്ധതി ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുമാണ്.

( ഗവർണറുടെ ഉത്തരവിൻപ്രകാരം),
പ്രകാശ്. ബി.എസ്
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പ്ലാനിംഗ് (സി.പി.എം.യു.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

പകർപ്പ് : വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.

ശരിപകർപ്പ്
സെക്ഷൻ ഓഫീസർ

Scanned by TapScanner